# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

**കേരള കാർഷിക സർവ്വകലാശാല**

മേലേ പട്ടാമ്പി 679 306, പാലക്കാട് ജില്ല

*Email: adrptb@kau.in , rarsptb@kau.in Ph : 0466-2212228,*


നമ്പർ : ഡി2/3282/20 തിയ്യതി : 04.1.2021

## പുനർ ലേലം/ക്വട്ടേഷൻ നോട്ടീസ്

ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്ന ദിവസം മുതൽ 31.07.2021 വരെ ഈ കേന്ദ്രത്തിൽ ഉദ്പാദിപ്പിക്കുന്ന താഴെ പറയുന്ന ഫാം ഉത്പന്നങ്ങളുടെ വിളവെടുപ്പിനുള്ള അവകാശം വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലം/ക്വട്ടേഷൻ നടപടിയിലൂടെ ഉറപ്പിച്ചു നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വിളവെടുക്കാനുള്ള ഇനങ്ങൾ | മരങ്ങളുടെ എണ്ണം (ഏകദേശം) | നിരത ദ്രവ്യം |
|---|---|---|---|
| 1. | ഗ്രാഫ്റ്റ് മാങ്ങ | 250 | 1000 |
| 2. | ചക്ക | 110 | 500 |

### വ്യവസ്ഥകളും നിബന്ധനകളും

1. ലേലത്തിനായി പേര് രജിസ്റ്റർ ചെയ്യുന്നതിനും ക്വട്ടേഷൻ സമർപ്പിക്കുന്നതിനുമുള്ള അവസാന സമയം 13.01.2021 ന് കാലത്ത് 11.00 മണിയാണ്.
2. നിരതദ്രവ്യം ഓരോ ഇനത്തിനും പട്ടികയിൽ പറയും പ്രകാരം കെട്ടി വെക്കേണ്ടതാണ്.
3. ഓരോ ഇനത്തിനും പ്രത്യേകം നിരതദ്രവ്യമടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതും പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതുമാണ്.
4. 13.1.2021 ന് കാലത്ത് 11.30 ന് പരസ്യലേലം നടക്കുന്നതാണ്. ഓരോ ഉത്പന്നത്തിന്റെയും പരസ്യലേലത്തിനു ശേഷം അതത് ഉത്പന്നത്തിന് ക്വട്ടേഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കുന്നതായിരിക്കും.
5. വെള്ളക്കടലാസിൽ പൂർണ്ണ മേൽവിലാസമെഴുതി ഒപ്പിട്ടു വേണം ക്വട്ടേഷൻ തയ്യാറാക്കാൻ. ഓരോ ഫാം ഉത്പന്നത്തിനും നൽകാൻ തയ്യാറുള്ള ഏറ്റവും കൂടിയ തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ കവറിൽ അടക്കം ചെയ്ത് ഒട്ടിച്ച ശേഷം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസേർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി എന്ന മേൽവിലാസത്തിലാണ് സമർപ്പിക്കേണ്ടത്. കവറിനു പുറത്ത് 'ഫാം ഉത്പന്നങ്ങളുടെ വിളവെടുപ്പിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തണം.
6. പരസ്യ ലേലത്തിലും ക്വട്ടേഷനിലും വാഗ്ദാനം ചെയ്ത തുകകൾ താരതമ്യം ചെയ്ത് ലഭിക്കുന്ന കൂടിയ തുക നിലവിലുള്ള കമ്പോള നിരക്കുമായി തട്ടിച്ചു നോക്കി ന്യായമാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത തുകക്ക് ലേലം ഉറപ്പിക്കുന്നതായിരിക്കും.
7. ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടാത്തവരുടെ നിരതദ്രവ്യം ലേല/ക്വട്ടേഷൻ നടപടിക്രമങ്ങൾക്കു ശേഷം തിരികെ നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയവരുടെ നിരതദ്രവ്യം സുരക്ഷിത നിക്ഷേപമായി മാറ്റുന്നതും വിളവെടുപ്പ് കാലാവധി കഴിഞ്ഞ ശേഷം രശീതി ഹാജരാക്കുന്ന മുറക്ക് സർവ്വകലാശാല വസ്തുവകകൾക്ക് ലേലക്കാർ നാശനഷ്ടങ്ങൾ വരുത്തിയിട്ടില്ല എന്ന ഫാം സൂപ്രണ്ടിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതാണ്.
8. ലേലം/ക്വട്ടേഷൻ വിലക്ക് പുറമെ നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി (ജി.എസ്.ടി) ഉണ്ടെങ്കിൽ ആയത് അടക്കുന്നതിന് ലേലക്കാരൻ ബാധ്യസ്ഥനായിരിക്കും.
9. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയവർ ലേലതുകയുടെ 1/3 ഭാഗം ലേലദിവസം വൈകുന്നേരം 3.30 ന് മുൻപ് അടക്കേണ്ടതാണ്. ബാക്കി 2/3 ഭാഗം 5 പ്രവൃത്തി ദിവസത്തിനകം അടച്ച് ഫാം സൂപ്രണ്ട് മുമ്പാകെ രശീതി ഹാജരാക്കുന്ന മുറക്ക് മാത്രമേ വിളവെടുപ്പ് ആരംഭിക്കാനുള്ള അനുമതി ലഭിക്കുകയുള്ളൂ. ലേലത്തുക അടക്കുന്നതിൽ

10. വീഴ്ച വരുത്തുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതും സുരക്ഷിത നിക്ഷേപം സർവ്വകലാശാലക്ക് മുതൽ കൂട്ടുന്നതുമാണ്.
11. ഫാം സൂപ്രണ്ടിനെ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങിയ ശേഷം മാത്രമേ ഉത്പന്നങ്ങൾ വിളവെടുത്ത് ഫാമിന് പുറത്തേക്ക് കൊണ്ടുപോകാവൂ. വിളവെടുപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശാല വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുന്ന പക്ഷം ലേലക്കാരൻ ആയതിന് നേരിട്ട് ഉത്തരവാദിയായിരിക്കും.
12. ക്വട്ടേഷൻ സംബന്ധിച്ച അസോസിയേറ്റ് ഡായറക്ടർ ഓഫ് റിസേർച്ചിന്റെ തീരുമാനം അന്തിമമായിരിക്കും. കാരണം അറിയിക്കാതെ ക്വട്ടേഷൻ/ലേലം നടപടികൾ നിർത്തി വെയ്ക്കുന്നതിനോ, റദ്ദു ചെയ്യുന്നതിനോ അസോസിയേറ്റ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.
13. സർക്കാർ ലേലം/ക്വട്ടേഷൻ നടപടികളു മായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഈ ലേലം/ക്വട്ടേഷൻ നടപടിയിലും ബാധകമായിരിക്കും.

(ഒപ്പ്)
ഡോ. ഡോ. കെ കാർത്തികേയൻ
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസേർച്ച് ഇൻ ചാർജ്

സ്വീകർത്താവ് : നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/ കൃഷി ഭവൻ, പട്ടാമ്പി

പകർപ്പ് : ഡോ. പി.പി. മൂസ്സ, അസിസ്റ്റന്റ് പ്രൊഫസർ (ഫാം ഇൻ ചാർജ്)/ ശ്രീ. അലിക്കുട്ടി സി പി, ഫാം സൂപ്രണ്ട്/വെബ്സൈറ്റ്.

സഹു/